കേരള സർക്കാർ

സംഗ്രഹം

പൊതുവിദ്യാഭ്യാസ വകുപ്പ് -എയ്ഡഡ് സ്കൂളിലെ അധ്യാപക ജീവനക്കാർക്ക് കെ-ടെറ്റ് പാസാകുന്നതിന് 31-3-2019 വരെ അനുവദിച്ചിരുന്ന സമയപരിധി 2020-2021 അധ്യയന വർഷാരംഭം വരെ ദീർഘിപ്പിച്ച് നല്കികിയിരുന്നത് അനദ്ധ്യാപക ജീവനക്കാർക്കു കൂടി ബാധകമാക്കി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

പൊതുവിദ്യാഭ്യാസ (ജെ) വകുപ്പ്

സ.ഉ (പി) നം.17/2020/പൊവിവ　　　　തീയതി, തിരുവനന്തപുരം,13/10/2020

---

പരാമർശം:- 1. സ.ഉ (കൈ) നം.134/2017/പൊവിവ തീയതി 30-10-2017.
2. സ.ഉ (കൈ) നം. 33/2019/പൊവിവ തീയതി 8-3-2019.
3. സ.ഉ (കൈ) നം. 194/19/പൊവിവ തീയതി 15-11-2019.

## ഉത്തരവ്

പരാമർശം (1) ഉത്തരവ് പ്രകാരം എയ്ഡഡ് സ്കൂളുകളിൽ 2012-13 അദ്ധ്യയന വർഷം മുതൽ 2017-18 അദ്ധ്യയന വർഷം വരെ നിയമിതരായ അദ്ധ്യാപകർക്കും അനദ്ധ്യാപകർക്കും കെ-ടെറ്റ് പാസാകുന്നതിന് 31-3-2019 വരെ സമയം അനുവദിച്ചിരുന്നു. തുടർന്ന് പരാമർശം (2) ഉത്തരവ് പ്രകാരം 2018-19 അദ്ധ്യയന വർഷം നിയമിതരായ അദ്ധ്യാപകർക്കും അനദ്ധ്യാപകർക്കും കെ-ടെറ്റ് പാസാകുന്നതിന് 31-3-2019 വരെ സമയം അനുവദിച്ചു. പിന്നീട് പരാമർശം (3) ഉത്തരവ് പ്രകാരം 31-3-2019 വരെ നിയമിതരായ അധ്യാപകർക്ക് കെ-ടെറ്റ് യോഗ്യത നേടുന്നതിന് 31-3-2019 വരെ അനുവദിച്ചിരുന്ന സമയം 2020-2021 അധ്യയന വർഷാരംഭം വരെ ദീർഘിപ്പിച്ചു നൽകിയിരുന്നു.

2). പരാമർശം (3) ഉത്തരവ് പ്രകാരം അദ്ധ്യാപകർക്ക് ലഭ്യമായ സമയം അനധ്യാപക ജീവനക്കാർക്കും അനുവദിക്കണമെന്ന ആവശ്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുകയുണ്ടായി.

3). സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. 31-3-2019 വരെ നിയമിതരായ അദ്ധ്യാപകർക്ക് കെ-ടെറ്റ് യോഗ്യത നേടുന്നതിന് 2020-2021 അധ്യയന വർഷാരംഭം വരെ സമയപരിധി ദീർഘിപ്പിച്ചു നൽകിയിരുന്ന പരാമർശം (3) ഉത്തരവ് എയ്ഡഡ് സ്കൂളിലെ അനധ്യാപക ജീവനക്കാർക്കു കൂടി ബാധകമാക്കി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
എ. ഷാജഹാൻ
സെക്രട്ടറി

പൊതുവിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം.
സെക്രട്ടറി, കേരള പബ്ളിക് സർവ്വീസ് കമ്മീഷൻ, തിരുവനന്തപുരം. (ആമുഖ കത്ത് സഹിതം)
എല്ലാ വിദ്യാഭ്യാസ ഉപഡയറക്ടർമാർക്കും, ജില്ലാ/ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും
(പൊതുവിദ്യാഭ്യാസ ഡയറക്ടർ മുഖേന)

ഡയറക്ടർ, ഐ.റ്റി @ സ്കൂൾ, തിരുവനന്തപരും (വെബ് സൈറ്റിൽ
പ്രസിദ്ധീകരിക്കുന്നതിനായി)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരള, തിരുവനന്തപുരം.
അക്കണ്ടന്റ് ജനറൽ (എ&ഇ), കേരള, തിരുവനന്തപുരം.
ഡയറക്ടർ (വെബ് & ന്യൂ മീഡിയ)/പ്രസ്സ് റിലീസ്, വിവര പൊതുജന സമ്പർക്ക വകുപ്പ്
പൊതുവിദ്യാഭ്യാസ വകുപ്പിലെ എല്ലാ സെക്ഷനുകൾക്കും, ഓഫീസർമാർക്കും
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

പകർപ്പ്:- ബഹു. പൊതുവിദ്യാഭ്യാസ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്.
വിദ്യാഭ്യാസ വകുപ്പ് സെക്രട്ടറിയുടെ പി.എ ക്ക്.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ